# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*309 15.12.2014 ൽ മറുപടിക്ക്

## ആറന്മുള വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ.ബാലൻ :<br>,, ഇ.പി.ജയരാജൻ :<br>,, സി.കെ സദാശിവൻ :<br>,, രാജു എബ്രഹാം : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവളത്തിന്റെ പാരിസ്ഥിതികാനുമതി, ചെന്നൈ ഹരിത ട്രിബ്യൂണൽ റദ്ദാക്കിയതിനെ സുപ്രീംകോടതി ശരിവെച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കെ.ജി.എസ്.ഗ്രൂപ്പ് നേടിയ അനുമതികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടോ; ഇവ രണ്ടും റദ്ദാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കെ.ജി.എസ് ഗ്രൂപ്പിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കുകയും, ടി വിധി ബഹു. സുപ്രീംകോടതി ശരിവയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ ടി പദ്ധതിക്ക് ലഭിച്ച പാരിസ്ഥിതികാനുമതി നിലിൽക്കുന്നതല്ല അതിനാൽ തന്നെ ടി പാരിസ്ഥിതികാനുമതി റദ്ദാക്കുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേകിച്ച് നടപടി ഒന്നും സ്വീകരിക്കേണ്ടതില്ല. |
| (സി) | കെ.ജി.എസ്.ഗ്രൂപ്പ് വിമാനത്താവളത്തിനായി വാങ്ങിയ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭൂപരിഷ്ക്കരണ | (സി) | ഉണ്ട്. കെ.ജി.എസ് ഗ്രൂപ്പ് ആറന്മുള വിമാനത്താവളത്തിനു വേണ്ടി വാങ്ങിയിട്ടുള്ള 136.31 ഹെക്ടർ ഭൂമി സംബന്ധിച്ച് ശ്രീ. എബ്രഹാം |

| | | | |
|---|---|---|---|
| | നിയമത്തിൽ ഇളവ് നൽകി 07-02-2014-ൽ മുഖ്യമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗ തീരുമാനം റദ്ദു ചെയ്തുകൊണ്ട് മിച്ചഭൂമി ഇളവ് നൽകാനുള്ള നീക്കം അവസാനിപ്പിക്കുമോ? | | കലമണ്ണിലിന്റെ പേരിൽ എസ്. എം 01/12 നമ്പരായി കോഴഞ്ചേരി താലൂക്ക് ലാന്റ് ബോർഡ് വിചാരണ നടത്തി വരുന്നു. ആറന്മുള വിമാനത്താവള പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഭൂമിക്ക് ഭൂപരിധിയിൽ നിന്നും ഇളവ് നൽകണമെന്ന അപേക്ഷ സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ